ജല അതോറിറ്റിയുടെ നടപ്പുവർഷത്തെ പദ്ധതി-പദ്ധതി ഇതര ചെലവുകൾ

42 [3295] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ നടപ്പുവർഷത്തെ പദ്ധതി-പദ്ധതി ഇതര ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സർക്കാരിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഓരോ വർഷവും ലഭ്യമായ സഹായം എത്ര കോടി രൂപയാണ്;

(സി) ഇതേ കാലയളവിൽ വെള്ളക്കരം ഇനത്തിൽ അതോറിറ്റിക്ക് എത്ര വരുമാനമുണ്ടായി; വെള്ളക്കരം ഇനത്തിൽ ഇപ്പോൾ കുടിശ്ശികയായിട്ടുള്ള തുക എത്രയെന്ന് വിശദമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റി ഇലക്ട്രിസിറ്റി ബോർഡിന് എത്ര തുക നൽകാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അതോറിറ്റി ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം ബാദ്ധ്യത വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) വാട്ടർ അതോറിറ്റിയുടെ ജലവിതരണ നഷ്ടവും, പദ്ധതിയുടെ പരിപാലന ചെലവുകളിലെ വർദ്ധനവും സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ നടപ്പ് വർഷത്തെ ബഡ്ജറ്റ് അനുസരിച്ചുള്ള പദ്ധതി-പദ്ധതിയേതര ചെലവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. പദ്ധതി ചെലവുകൾ

(എ) സംസ്ഥാന പദ്ധതികൾ — 518.45 കോടി രൂപ

(ബി) കേന്ദ്രാനുമതി പദ്ധതികൾ — 91.50 കോടി രൂപ

(സി) മറ്റു പദ്ധതികൾ (ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ)— 128.00 കോടി രൂപ

സംസ്ഥാന പദ്ധതിക്കുള്ള തുകയിൽ 440 കോടി രൂപ ജെ. ബി. ഐ. സി. സഹായത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതിക്കുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. പദ്ധതിയേതര ചെലവുകൾ

(എ)	ശമ്പളവും അലവൻസുകളും	–	110.07 കോടി രൂപ
(ബി)	ഓപ്പറേഷൻ & മെയിന്റനൻസ്	–	39.22 ,,
(സി)	ഇലക്ട്രിസിറ്റി ചാർജ്ജ്	–	100.09 ,,
(ഡി)	പലിശ (LIC., HUDCO)	–	33.40 ,,
(ഇ)	വായ്പ തിരിച്ചടയ്ക്കുന്നത്	–	19.56 ,,
	ആകെ	–	**302.34 കോടി രൂപ**

(ബി) കേരള സർക്കാരിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞ നാല് വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

2001–2002	—	164.45 കോടി രൂപ
2002–2003	—	208.56 ,,
2003–2004	—	196.62 ,,
2004–2005	—	182.78 ,,

(സി)

(രൂപ കോടിയിൽ)

	• *ഗാർഹികം ഗാർഹികേതരം വ്യാവസായികം*	*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ*	
വർഷം	*വരവ്*	*വരവ്*	*ആകെ*
2001–2002	71.29	24.86	96.15
2002–2003	77.89	28.33	106.22
2003–2004	88.55	26.80	115.35
2004–2005	112.06	3.17	115.23

വെള്ളക്കരം ഇനത്തിൽ 31-3-2005 വരെ ആകെ 749.24 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്.

(ഡി) വാട്ടർ അതോറിറ്റി വൈദ്യുത ചാർജ്ജ് ഇനത്തിൽ വൈദ്യുതി ബോർഡിന് 31-3-2005 വരെ 250.91 കോടി രൂപ നൽകാനുണ്ട്.

(ഇ) വാട്ടർ അതോറിറ്റി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്ത വകയിൽ 31-3-2005-ലെ ബാദ്ധ്യത താഴെപ്പറയുന്ന പ്രകാരമാണ്:

എൽ. ഐ. സി.	—	209.72	കോടി രൂപ
ഹഡ്കോ	—	42.75	,,
ഫെഡറൽ ബാങ്ക്	—	10.00	,,
എസ്. ബി. റ്റി.	—	3.00	,,
ആകെ		**265.47**	**കോടി രൂപ**

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ജലവിതരണ നഷ്ടത്തെക്കുറിച്ച് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുയാണ്. ഇതുവരെ കിട്ടിയിട്ടുള്ള രേഖകൾ അനുസരിച്ച് 30% വിതരണനഷ്ടം ഉണ്ടെന്ന് കരുതുന്നു. പരിപാലന ചെലവുകളിൽ പ്രധാനമായും വൈദ്യുത ചാർജ്ജ് ഇനത്തിൽ ഭീമമായ വർദ്ധനവാണ് വന്നിട്ടുള്ളത്. ഓരോ വർഷവും പുതിയ പുതിയ സ്കീം നടപ്പിലാക്കിവരുന്നതും വിതരണ ചെലവ് വർദ്ധിക്കാൻ കാരണമാകുന്നു.

2004-2005-ൽ അതോറിറ്റിക്ക് കറന്റ് ചാർജ്ജ് ഇനത്തിൽ 96 കോടി രൂപയും മറ്റ് മെയിന്റനൻസ് ചാർജ്ജിലേക്കായി 36 കോടി രൂപയും ചെലവായതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. (പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം).

ഇതിനുപുറമെ ശമ്പളവും പെൻഷനുംവേണ്ടി 110 കോടി രൂപ ചെലവാകുന്നുണ്ട്. (ആകെ 242 കോടി രൂപ). എന്നാൽ വെള്ളക്കരമായി 115 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. അധികം വരുന്ന 127 കോടി രൂപ ജലവിതരണത്തിന് ആകുന്ന നഷ്ടമായി കണക്കാക്കാം. നഷ്ടത്തിന് പ്രധാന കാരണം പദ്ധതി പരിപാലന ചെലവുകളുടെ ക്രമാതീതമായ വർദ്ധനവല്ല. പക്ഷേ, ചെലവിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് വരുത്താതിരുന്നതാണ്. കഴിഞ്ഞ അഞ്ചുവർഷത്തിൽ വാട്ടർ ചാർജ്ജിനത്തിൽ യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല.

പുഴയോര സംരക്ഷണത്തിനായി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

43 [3296] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലൂടെ പുഴയോര സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ളത് എന്ന് വിശദീകരിക്കാമോ; നടപ്പിലാക്കുന്ന പദ്ധതികളിൽ കണ്ണൂർ ജില്ലയ്ക്ക് ഈ സാമ്പത്തികവർഷം എത്ര തുക നീക്കിവെച്ചു;

(ബി) കണ്ണൂർ ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ കുന്നോത്ത് പറമ്പ് പഞ്ചായത്തും തൃപ്രങ്ങോട്ടൂർ പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന പൊങ്ങോട് പുഴയ്ക്ക് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വി. സി. ബി. കം-ബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനം ഏത് ഘട്ടംവരെ എത്തിയെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly